പതിനഞ്ചാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
27-06-2024

ചട്ടങ്ങളുടെ ഭേദഗതിയുടെ പരിഗണന

പിശകുകൾ ഒഴിവാക്കേണ്ടത് സംബന്ധിച്ച്

2024 ജൂൺ മാസം 27-ാംാം തീയതിയിലെ നിയമസഭാ നടപടിക്രമങ്ങളിൽ ചട്ടങ്ങൾക്കുള്ള ഭേദഗതിയുടെ പരിഗണനയ്ക്കശേഷം 2023-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ചട്ടങ്ങളുടെ ഭേദഗതികളിൽ പിശകുകൾ കടന്നുകൂടിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

2023-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ചട്ടങ്ങളിന്മേൽ ഇപ്പോൾ സഭ അംഗീകരിച്ച ഒട്ടുമിക്ക ഭേദഗതികളും അതിന്റെ ഡ്രാഫ്റ്റിംഗ് തലത്തിൽ കടന്നുകൂടിയ പിശകുകളാണെന്നാണ് കാണുന്നത്. സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളിൽ കടന്നുകൂടുന്ന പിശകുകൾ തിരുത്തുക എന്ന ഭാരിച്ച ഉത്തരവാദിത്തംകൂടി സഭാതലത്തിൽ ഏറ്റെടുക്കുന്നത് സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടാൻ ഇടയാക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇന്ന് സഭ അംഗീകരിച്ച ഭേദഗതികൾ നിയമാനുസൃതം പ്രസിദ്ധീകരിക്കാനും ചട്ടം 168 പ്രകാരം എത്രയും വേഗം സഭയുടെ മേശപ്പുറത്തുവയ്ക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

+.